തിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ആഗ്രഹം നല്ല നിലയിൽ ഇതു നടത്തണമെന്നാണ്. നല്ലൊരു കമ്പിനിയാണ് സ്വാഗത സംഘം, കർഷകരിനം നല്ലനിലയിൽ നടത്തുന്നതിനാണ് ഇങ്ങനെ ഒരു സംഘം സംഘടിപ്പിച്ചിരിക്കുന്നത്. കർഷകത്തൊഴിലാളികളും ഇപ്പോൾ നേരിട്ട് കൃഷി ചെയ്യുന്നുണ്ട്. നല്ല കൃഷിക്കാരനെ തെരഞ്ഞെടുക്കുമ്പോൾ കൃഷി ചെയ്യുന്ന കർഷകത്തൊഴിലാളിയേയും നല്ല കർഷകനായി തെരഞ്ഞെടുക്കാം അതുകൊണ്ട് കർഷകരിനമെന്നുള്ള പേരുമാറണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല.

(7) ചിങ്ങവനം ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ലിമിറ്റഡ് തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. നാരായണൻ: സർ, കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എന്ന സ്ഥാപനം 1965-ൽ ഒരു ചെറിയ യൂണിറ്റായി പ്രവർത്തനം ആരംഭിച്ചതാണ്, ചുരുങ്ങിയ കാലംകൊണ്ട് കോടികണക്കിന് ലാഭമുണ്ടാക്കുന്ന ഒരു വൻകിട കമ്പനിയായി അതു വളർന്നു വന്നു. അഞ്ഞൂറിലധികം സ്ഥിരം തൊഴിലാളികളും അതിലേറെ താൽക്കാലിക തൊഴിലാളികളും ഈ സ്ഥാപനത്തെ ആശ്രയിച്ചു കഴിഞ്ഞു വന്നിരുന്നു. വിലപന്നികുതി ഇനത്തിലും സെൻട്രൽ എക്സൈസ് നികുതിയിനത്തിലും കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് കോടികണക്കിന് പ്രതിവർഷം അടച്ചു പോന്നിരുന്ന ഒരു സ്ഥാപനമായിരുന്നു ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്. 1990 വരെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഈ കമ്പനി, 1999 മെയ് മാസം 11-ന് അടച്ചു പൂട്ടി. കമ്പനിയുടെ മിസ് മാനേജ്മെന്റും പെട്ടെന്നുള്ള വൈദ്യുതി ചാർജ്ജ് വർദ്ധനവും ആണ് കമ്പനി അടച്ചു പൂട്ടാൻ കാരണം. കമ്പനി അടച്ചു പൂട്ടിയതോടു കൂടി അതിനെ ആശ്രയിച്ചു കഴിഞ്ഞിരുന്ന നിരവധി കുടുംബങ്ങൾ പട്ടിണിയിലും ദുരിതത്തിലുമാണ്. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇടപെട്ട് ഇത് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സഭാ മുഖേനയിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ, കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് പ്രവർത്തിച്ചിരുന്നതും പൂട്ടിക്കിടക്കുന്നതുമായ ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് എന്ന സ്ഥാപനം തുറക്കുന്നതിലേക്കായി സർക്കാർ നിരന്തരമായി ശ്രമം നടത്തി വരുന്നു. അതിന്റെ ഭാഗമായി 10.6.2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിലും നടന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനിയുടെ ഭാരവാഹികളും പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി സ്വീകരിക്കേണ്ട നടപടികൾ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ പരിശോധിച്ചു വരികയാണ്. ഏത്രയും വേഗം കമ്പനി തുറന്നു പ്രവർത്തിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly